## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(സാന്നിദ്ധ്യം: കെ.കെ. സുരേന്ദ്രകുമാർ I/C)**

തിരുവനന്തപുരം,
തീയതി: 10.10.2017

ഉത്തരവ് നം: എഫ്4/27295/17

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ട്രാൻസ് ജെൻഡർ ക്ഷേമ പദ്ധതി - നൈപുണ്യ തൊഴിൽ പരിശീലനം - പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: സ.ഉ (സാധാ) നം. 596/2015/സാനീവ തീയതി: 14.09.2017

ജീവിത ദുരിതങ്ങൾക്ക് ഇടയിൽ വീർപ്പുമുട്ടുന്ന ട്രാൻസ്ജെൻഡർമാർക്ക് അതിജീവനത്തിനായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി പ്രകാരം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് തങ്ങളുടെ പരിധിയിലുള്ള ട്രാൻസ്ജെൻഡർ വിഭഗത്തിൽപ്പെട്ടവർക്ക് അഭികാമ്യമായ തൊഴിൽ പരിശീലനം നേടുന്നതിനുള്ള ഫീസ്, താമസം, ഭക്ഷണം എന്നീ ചെലവുകൾക്കായി 5 ലക്ഷം രൂപ വീതം ഓരോ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂർ ആയി അനുവദിക്കുന്ന പദ്ധതിയാണിത്. ടി പരിശീലന പരിപാടി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ (14 x 5,00,000/-) ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തികവർഷത്തെ 2235-60-200-64 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർമാർക്ക് അഭികാമ്യമായ തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുക്കുന്ന കോഴ്സുകൾ സംസ്ഥാന സർക്കാർ യൂണിവേഴ്സിറ്റികൾ / സർക്കാർ ഏജൻസികൾ അംഗീകരിച്ചിട്ടുള്ളതായിരിക്കണമെന്ന വ്യവസ്ഥയിൽ ആണ് തുക അനുവദിക്കുന്നത്. അതാത് ജില്ലകളിലെ ട്രാൻസ്ജെൻഡർ ബോർഡിന്റെ ശുപാർശയോടെ ആയിരിക്കണം അനുയോജ്യമായ പരിശീലന പരിപാടി തീരുമാനിക്കേണ്ടത്. ഇത് അവർക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നൈപുണ്യ പരിശീലനം ആയിരിക്കണം. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ 70 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തികവർഷത്തെ 2235-60-200-64 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പരിശീലനത്തിനു ശേഷം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പ്രത്യേക പ്രൊപ്പോസൽ നൽകേണ്ടതാണ്. പരിശീലനാർത്ഥിയുടെ മേൽവിലാസം, ടെലഫോൺ നം., പരിശീലനം സംബന്ധിച്ച വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച കണക്കുകൾ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ജില്ലാ സാമൂഹ്യനീതി ഓഫീസർ ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, എ സെക്ഷൻ (ഓരോ ജില്ലയ്ക്കും ആവശ്യമായ തുക അനുവദിക്കുന്നതിലേക്ക്)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

SK/17